(സി) അന്വേഷണഫലമായി കുറക്കാരെന്നു കണ്ട മൂന്നുപേരുടെ പേരിൽ നടപടികളെടുത്തു. ചില പരാതികളെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയായിട്ടില്ല.

സ്വരാജ് കമ്പനിക്കാർ.

൪൪൫. [൩] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ .

(എ) രണ്ടുവർഷക്കാലമായി സ്വരാജ് കമ്പനിക്ക് എത്ര പുതിയ പെർമിറ്റുകൾ കൊടുത്തിട്ടുണ്ട്;

(ബി) സ്വരാജ് കമ്പനിക്കാരുടെ അപേക്ഷയനുസരിച്ച് പെർമിറ്റ് അനുവദിച്ചിരുന്ന വല്ല വണ്ടികൾക്കും സ്റ്റേ കൊടുത്തിട്ടുണ്ടോ;

(സി) രണ്ടുവർഷക്കാലമായി സ്വരാജ് കമ്പനി എത്ര ലൈനുകൾ വിറ്റിട്ടുണ്ട് എന്നുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) ഏഴു.
(ബി) ഉണ്ട്.
(സി) ഉണ്ട്.

പോലീസ് സ്റ്റേഷനിൽ ശിരോമുണ്ഡനം.

൪൪൬. [൨൨] ശ്രീ. പി. വി. അവിരാതരകൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തക്കല പോലീസ് സ്റ്റേഷനിൽ ഏതാനുംപേരെ മുണ്ഡനം ചെയ്തിച്ചുവെന്നുള്ള വാർത്ത ഗവണ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരെ ; ആരാണ് അതു് ചെയ്തിച്ചതു്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ൩ പേരെ. അന്വേഷണത്തിൽ ഹെഡ് കോൺസ്റ്റബിൾ നമ്പർ ൭൫൨ വി മാധവൻ പിള്ളയും, പോലീസ് കോൺസ്റ്റബിൾ നമ്പർ ൭൫൨ ഐ രാമസ്വാമി അയ്യരും ഇതിൽ കുറക്കാരാണെന്നു കണ്ടു.

ഇൻഡസ്ട്രിയൽ ലോൺ.

൪൪൭. [൨൪] ശ്രീ. കെ. കുമാരപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങൾക്ക് ഇൻഡസ്ട്രിയൽ ലോൺ അനുവദിച്ചിട്ടു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്ങനെയെല്ലാം നടപടി ;

(സി) എന്തു തുകയ്ക്കു വീതം ;

(ഡി) ഈ ലോൺ നൽകുന്നതിൽ സ്വീകരിച്ച മാനദണ്ഡം എന്താണ്?

ഉത്തരം.

(എ) ഉവ്വ്.

(ബി) (സി) വെസ്റ്റ്കോസ്റ്റ്ഫിഷറീസ് (ട്രാവൻകൂർ ലിമിറ്റഡ്) രൂപ ക,ക്ര, ഠ ങ0—ൻ—0.

2. അഴകപ്പാടെക്സ്റ്റൈയിൽസ് കൊച്ചിൻ ലിമിറ്റഡ് രൂപ ന്വ,00,000.

3. ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് രൂപ ഛ,00,000.

(ഡി) വ്യവസായത്തിനു ധനസഹായത്തിന്റെ ആവശ്യകത, ഈടു നൽകുന്ന വസ്തുവിന്റെ വില. വായ്പ തിരിയെ തരുന്നതിനുള്ള കഴിവ് മുതലായവയാണ് മാനദണ്ഡങ്ങൾ.

കോലഴി വില്ലേജ് പഞ്ചായത്ത്.

ങരര. [ഛ 0] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോലഴിവില്ലേജ് പഞ്ചായത്തുകോടതിയിൽ ശ്രീ. പാട്ടത്തിൽ കൃഷ്ണമേനോൻ എന്നൊരാളെ ജഡ്ജിയായി നോമിനേറ്റ ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത കൃഷ്ണമേനോന്റെ പേരിൽ പേരൂർ കോ-ഓപ്പറേറ്റീവ് സ്റ്റോറിൽ നിന്നു ക്രമക്കേടുകൾ ഉണ്ടായെന്നും ഏതാണ്ട് 500 രൂപയുടെ അപഹരണത്തെ സംബന്ധിച്ച് കേസ്സെടുക്കാൻ സംഘം പൊതുയോഗം തീരുമാനിക്കുകയും അതനുസരിച്ചു കേസ്സെടുക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) ആ കേസ് എന്തു നിലയിൽ ഇരിക്കുന്നു ;

(ഡി) കേസു ആരംഭിച്ചിട്ട് എത്ര കാലമായി?

ഉത്തരം.

(എ) ശ്രീ. പാട്ടത്തിൽ കൃഷ്ണമേനോൻ എന്നൊരാളെ കോലഴി വില്ലേജ് കോടതിയുടെ പ്രസിഡൻറായി നോമിനേറ്റ ചെയ്തിട്ടുണ്ട്.

(ബി) 'പേരൂർ' കോ-ഓപ്പറേറ്റീവ് സ്റ്റോർ എന്ന പേരിൽ ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇല്ല.

എന്നാൽ വിൽവട്ടം പെരിങ്ങാവ് കോ-ഓപ്പറേറ്റീവ് (നമ്പർ 8 ക 8) സൊസൈറ്റിയുടെ ക്രമക്കേടി അംഗങ്ങളുടെ പേരിൽ ഒരു കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. ശ്രീ. കൃഷ്ണമേനോനാണ് പ്രസ്തുത കേസിലെ ഒന്നാംപ്രതി.

LIBRARY ARCHIVES Kerala Legislative Assembly